**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിശപ്പ് രഹിത കേരളം - സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലഘട്ടത്തിൽ സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ; | (എ) | രാജ്യത്തിനു മാതൃകയായ "വിശപ്പു രഹിത കേരളം" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത്, സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു. ടൈഡ് ഓവർ വിഹിതത്തിൽ നിന്നും കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ പ്രതിമാസം 600 kg അരി അനുവദിക്കുന്നതിനു അനുമതി നല്കിയിട്ടുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവുകളായ സബ് സിഡി തുക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക എന്നിവ ബില്ലുകൾ സമർപ്പിക്കുന്ന മുറക്ക് അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനങ്ങൾക്കായി നാളിതു വരെ 6,97,73,775/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| സാമ്പത്തിക വർഷം | തുക |
|---|---|
| 2021-2022 | 85,39,000/- |
| 2022-2023 | 1,21,21,000/- |
| 2023-2024 | 1,67,02,000/- |
| 2024-2025 | 1,99,98,972/- |
| 2025-2026 (നാളിതു വരെ) | 1,24,12,803 |

സെക്ഷൻ ഓഫീസർ